**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4030** **03-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് ഗവേഷണ പുരസ്കാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങളുടെ പ്രാധാന്യം പരിഗണിച്ച് ഈ രംഗത്ത് പുരസ്കാരം ഏർപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; | (എ) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഗവേഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന തലത്തിൽ ഓഫീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ഗവേഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ച് (SBMR) ന് കീഴിലായി സംസ്ഥാന തല ഓഫീസ് സജ്ജമാക്കുന്നതിനായുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. ഈ സാമ്പത്തിക വർഷം തന്നെ തിരുവനന്തപുരം ജനറൽ ആശുപത്രി കാമ്പസിലുള്ള അപെക്സ് ട്രോമാ & എമർജൻസി ലേർണിംഗ് സെൻറർ (ATELC) കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം സജ്ജമാക്കാൻ കഴിയും എന്നു പ്രതീക്ഷിക്കുന്നു. |
| (സി) | സന്നദ്ധ സംഘടനകൾക്ക് ഈ മേഖലയിൽ എന്തെങ്കിലും സംഭാവനകൾ നൽകാൻ കഴിയുമെന്ന് കരുതുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | സന്നദ്ധ സംഘടനകൾക്ക് ഗവേഷണ രംഗത്ത് ഏറെ സംഭാവനകൾ നൽകാൻ സാധിക്കും. ഗവേഷണത്തിൽ സാങ്കേതിക പരിജ്ഞാനമുള്ള വിഷയങ്ങൾ കണ്ടെത്താനും, ആശുപത്രി, കമ്യൂണിറ്റി തലത്തിൽ പഠനങ്ങൾ ആസൂത്രണം ചെയ്യാനും, നടപ്പിലാക്കാനും സാധിക്കും. ഡാറ്റാ മാനേജ്മെന്റിന്റെ വിവിധ തലങ്ങളിൽ (ഡാറ്റാ ശേഖരണം, ഡാറ്റാ എൻട്രി, അനാലിസിസ് എന്നിവ) സന്നദ്ധ സംഘടനകൾക്ക് സഹായിക്കാൻ സാധിക്കും. സ്റ്റാറ്റിസ്റ്റിക്സ്, ഗവേഷണ പ്രബന്ധങ്ങൾ എഴുതാനുള്ള സാങ്കേതിക സഹായം, ഗവേഷണത്തിനായുള്ള ഫണ്ടിംഗ് എന്നിവയിലും സന്നദ്ധ സംഘടനകൾക്ക് സഹായം നൽകാൻ കഴിയും. |

സെക്ഷൻ ഓഫീസർ